**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4452** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക കോടതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി 1989-ലെ പട്ടികജാതി,പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരം എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മാനന്തവാടി (വയനാട്), മഞ്ചേരി (മലപ്പുറം), കൊട്ടാരക്കര (കൊല്ലം), മണ്ണാർക്കാട് (പാലക്കാട്) എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമത്തിലെ വ്യവസ്ഥ പ്രകാരം ഓരോ ജില്ലയിലും കോടതികൾ സ്ഥാപിക്കാൻ നിർദ്ദേശമുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രസ്തുത നിയമം പ്രകാരം സംസ്ഥാന സർക്കാരിന് ബഹു.ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അനുമതിയോടെ ഒന്നോ അതിലധികമോ ജില്ലകൾക്കായി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | കോടതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എറണാകുളം ജില്ലയെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. എറണാകുളം ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പുതിയ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാർ പരിഗണനയിലാണ്. |
| (ഡി) | നിലവിൽ പ്രത്യേക കോടതികളുടെ എണ്ണം കുറവായതു കാരണം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പരിശോധിച്ചിട്ടുണ്ട്. എറണാകുളം ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പുതിയ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ